# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

## തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.13.02.2019

### പെരിയാർ കടുവാ സങ്കേതം:
### 13 ട്രേഡ് മാർക്കുകൾ ലഭിച്ചു.

പെരിയാർ കടുവാസങ്കേതത്തിന്റെയും പെരിയാർ ഫൗണ്ടേഷന്റെയും ലോഗോകൾക്കും, സങ്കേതത്തിൽ നടന്നുവരുന്ന പൊതുജന പങ്കാളിത്തത്തോടെയുള്ള ഇക്കോടൂറിസം പരിപാടികൾക്കും ഇന്റലക്ചൽ പ്രോപ്പർട്ടി ഇന്ത്യയുടെ ട്രേഡ് മാർക്കുകൾ ലഭിച്ചു.

പെരിയാർ ടൈഗർ ട്രെയിൽ, ഗ്രീൻ വോക്ക്, ബോർഡർ ഹൈക്കിംഗ്, ട്രൈബൽ ഹെറിറ്റേജ്, ബാംബൂ റാഫ്റ്റിംഗ്, ജംഗിൾ സ്കൗട്ട്, ജംഗിൾ ഇൻ, ജംഗിൾ ക്യാമ്പ്, ബാംബൂ ഗ്രോവ്, പദ്മാർക്ക് ട്രെയിൽ, പെരിയാർ ഹണി എന്നിവയ്ക്കാണ് ട്രേഡ് മാർക്ക് രജിസ്ട്രേഷൻ ലഭിച്ചത്. ട്രേഡ് മാർക്ക് ലഭിച്ചതിലൂടെ അനധികൃത ടൂർ ഓപ്പറേറ്റർമാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ പെരിയാർ കടുവാസങ്കേതത്തിന് സാധിക്കും. അത് വഴി രാജ്യാന്തര ടൂറിസ്റ്റുകൾക്കും, ആഭ്യന്തരടൂറിസ്റ്റുകൾക്കും മികച്ച സേവനം ലഭിക്കുന്നതിനും വഴിയൊരുക്കും.

വനം ആസ്ഥാനത്ത് നടന്ന ചടങ്ങിൽ മുഖ്യവനം മേധാവി പി.കെ.കേശവന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ സുരേന്ദ്രകുമാർ ട്രേഡ് മാർക്ക് സർട്ടിഫിക്കറ്റുകൾ കൈമാറി. വനം വകുപ്പിന്റെ സേവനങ്ങൾ ആധികാരികമായും ഉത്തരവാദിത്വത്തോടെയും ജനങ്ങളിലേക്ക് എത്തിക്കുക എന്ന ഉദ്ദേശമാണ് ട്രേഡ് മാർക്ക് രജിസ്ട്രേഷന്റെ പിന്നിലുള്ളതെന്ന് മുഖ്യ വനം വകുപ്പ് മേധാവി പി.കെ.കേശവൻ പറഞ്ഞു.

ആദ്യമായാണ് വനംവകുപ്പിന് കീഴിലുള്ള ടൂറിസം പരിപാടികൾക്ക് ട്രെയ്ഡ് മാർക്ക് രജിസ്ട്രേഷൻ ലഭിക്കുന്നതെന്നും, വനംവകുപ്പിന്റെ വിവിധ ഇക്കോടൂറിസം പരിപാടികൾക്കും, വനശ്രീ ഉല്പന്നങ്ങൾക്കും ട്രെയ്ഡ് മാർക്കുകൾ ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമെന്നും ചീഫ്വൈൽഡ്ലൈഫ്വാർഡൻ സുരേന്ദ്രകുമാർ പറഞ്ഞു. ഇക്കോടൂറിസം പരിപാടികളുടെ മാർക്കറ്റിംഗ് ആശയങ്ങൾ പുതിയ തലങ്ങളിലേയ്ക്കെത്തിക്കാൻ ട്രേഡ് മാർക്ക് രജിസ്ട്രേഷനിലൂടെ സാധിക്കുമെന്ന് പെരിയാർ കടുവാസങ്കേതം മേധാവി ശില്പ.വി.കുമാർ അഭിപ്രായപ്പെട്ടു.

പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

FIBPR-74/19